സുപ്രഭാതം

02 February 2024

# ആഴക്കടലിന്റെ വിസ്മയക്കാഴ്ചകൾ കാണാൻ അവസരമൊരുക്കി സമുദ്രപഠന കേന്ദ്രം

**കൊച്ചി** ▸ സി.എം.എഫ്.ആർ.ഐയുടെ 77ാമത് സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി ഇന്ന് ഓപ്പൺ ഹൗസ് നടത്തുന്നു. ആഴക്കടലിന്റെ വിസ്മയക്കാഴ്ചകളും കൗതുകമുണർത്തുന്ന കടലറിവുകളും വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി തുറന്നിടും. വിവിധ ഗവേഷണവിഭാഗങ്ങൾ ഒരുക്കുന്ന പ്രദർശനം, കടൽ ജൈവവിധ്യങ്ങളുടെ അപൂർവ ശേഖരങ്ങളുള്ള മ്യൂസിയം, മറൈൻ അക്വേറിയം എന്നിവ സന്ദർശിക്കാനും വിദഗ്ധരുമായി ആശയവിനിമയം നടത്താനും അവസരമുണ്ടാകും. ഏറ്റവും വലിയ മത്സ്യമായ തിമിംഗല സ്രാവ, കടൽ മുയൽ, പറക്കും കൂന്തൽ, കടൽ വെള്ളരി, പലതരം കടൽ സസ്യങ്ങൾ, കടൽപാമ്പുകൾ, വിഷമത്സ്യങ്ങൾ തുടങ്ങി മൂവായിരത്തോളം സമുദ്ര ജൈവവൈവിധ്യങ്ങളുടെ ശേഖരമടങ്ങുന്നതാണ് സി.എം.എഫ്.ആർ.ഐയിലെ നാഷനൽ മറൈൻ ബയോഡൈവേഴ്സിറ്റി മ്യൂസിയം.